**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2457** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം കൊണ്ടുള്ള ഗുണവും സാമ്പത്തിക നഷ്ടവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായതിനു ശേഷം പൊതുജനങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിക്കാതിരുന്ന ഏതൊക്കെ സേവനങ്ങൾ നിലവിൽ സുഗമമായും ത്വരിതഗതിയിലും ലഭിക്കുന്നുവെന്ന് വിശദമാക്കുമോ; | (എ) | വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നതുവഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഇലക്ട്രോണിക്ക് വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്ന് ആയും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവനപ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ |

| | | | |
|---|---|---|---|
| | | | രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്. |
| (ബി) | അഞ്ചു വകുപ്പുകൾ വ്യത്യസ്തമായി പ്രവർത്തിച്ചിരുന്ന കാലയളവിൽ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കേണ്ട ഏതൊക്കെ സേവനങ്ങളാണ് ലഭിക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. അഞ്ചു വകുപ്പുകൾ വ്യത്യസ്തമായി പ്രവർത്തിച്ചിരുന്ന കാലയളവിൽ വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ഭരണപരമായ മേൽനോട്ടം വിവിധ വകുപ്പുകൾക്കായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അത്യന്താപേക്ഷിതമായി ഉണ്ടാകേണ്ട ഏകോപനമില്ലായ്മയുടെ ഭാഗമായി ചില സേവന പ്രദാന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ വകുപ്പിനു വേണ്ടി രൂപീകരിച്ച തസ്തികകൾ ഏതൊക്കെയാണെന്നും, അപ്ഗ്രേഡ് ചെയ്ത തസ്തികകൾ ഏതെല്ലാമെന്നും പുതിയ തസ്തികകളുടെ ശമ്പളസ്കെയിലും, പ്രസ്തുത തസ്തികകൾമൂലം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്നും ഇവ സാധൂകരിക്കുന്ന വിധത്തിൽ സേവനങ്ങൾ മെച്ചപ്പെടുന്നുണ്ടോ എന്നും വിശദമാക്കുമോ; | (സി) | തദ്ദേശസ്വയംഭരണ വകുപ്പിനു വേണ്ടി തസ്തികകൾ സൃഷ്ടിച്ചും തസ്തികകൾ അപ്ഗ്രേഡ് ചെയ്തും സ.ഉ(കൈ) നം. 134/2022/തസ്വഭവ, തീയതി 25.06.2022 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. സ്റ്റേറ്റ് സർവ്വീസിലെ തസ്തികകളുടെ സൃഷ്ടിക്കൽ, അപ്ഗ്രഡേഷന്റെ ഭാഗമായി ഉണ്ടാകുന്ന ആകെ പ്രതിവർഷ സാമ്പത്തിക ബാധ്യത 23716764/- രൂപ (രണ്ടു കോടി മുപ്പത്തിയേഴ് ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി അറുപത്തിനാല് രൂപ മാത്രം) ആണ്. സബോർഡിനേറ്റ് സർവീസിലെ തസ്തികകൾ ഉയർത്തുമ്പോൾ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. സംയോജിത വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ഇത് പൂർണ്ണതോതിൽ ആകുന്നതോടെ ആയതിന്റെ ഗുണഫലങ്ങൾ ലഭ്യമാകുന്നതാണ്. |
| (ഡി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി ജില്ലകളിൽ രൂപീകരിച്ച ജോയിന്റ് ഡയറക്ടർ എന്ന പുതിയ തസ്തികയുടെ ശമ്പള സകെയിൽ എത്രയാണെന്നും ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ നേരത്തേ ഹോൾഡ് ചെയ്തിരുന്ന തസ്തികയിൽ ശമ്പളസകെയിലും നിലവിൽ ജോയിന്റ് ഡയറക്ടറായപ്പോഴുള്ള ശമ്പളസകെയിലും തമ്മിലുള്ള വർദ്ധനവ് എത്രയൊണെന്നും വ്യക്തമാക്കുമോ; | (ഡി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനു വേണ്ടി സൃഷ്ടിച്ച ജോയിന്റ് ഡയറക്ടർ തസ്തികയുടെ ശമ്പള സ്കെയിൽ 1,07,800-1,60,000 ആണ്. ഈ തസ്തികകളിലേയ്ക്കുള്ള സ്ഥിരനിയമനം നടന്നിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ജില്ലകളിൽ ജോയിന്റ് ഡയറക്ടറുമായി സംയോജിപ്പിച്ച് ഏതൊക്ക വകുപ്പകളിൽ ഉള്ളവരെയാണ് നിയമിച്ചിട്ടുള്ളതെന്നും, സംയോജിപ്പിച്ച അഞ്ചു വകുപ്പകൾക്കും ലഭിച്ച തസ്തികകളുടെ എണ്ണം എത്രയാണെന്നും, പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തിയപ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ഇ) | 01.11.2022 ലെ സ.ഉ(ആർ.റ്റി) 2660/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള ജില്ലാ ഓഫീസുകളായ DDP, ADC (GL), ADC (PA), ADP, ജില്ലാ ടൗൺ പ്ലാനിംഗ് എന്നീ ഓഫീസുകളിലെയും നഗരകാര്യ റീജ്യണൽ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെയും നിലവിലെ അംഗീകൃത എണ്ണത്തിൽപ്പെട്ട ജീവനക്കാരെ ഫലപ്രദമായി ക്രമീകരിച്ചാണ് ജില്ലാ ഓഫീസുകൾ രൂപീകരിക്കുന്നത്. വിവിധ വിഭാഗങ്ങളിലെ ജില്ലാ ഓഫീസുകളിൽ നിലവിലുള്ള തസ്തികകൾ ചേർത്താണ് അതത് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിലെ ഉദ്യോഗസ്ഥ ക്രമീകരണം നടത്തിയിട്ടുള്ളത്. |
| (എഫ്) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമാവുന്നതിനു മുൻപ് അഞ്ച് വകുപ്പിലുമുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടാണോ പുതിയ തസ്തികകൾ സൃഷ്ടിച്ചതും നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തതും എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (എഫ്) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംസ്ഥാനതല ഡയറക്ടറേറ്റിൽ ഒരു അഡീഷണൽ ഡയറക്ടർ തസ്തിക അനിവാര്യമായതിനാൽ ഒരു അഡീഷണൽ ഡയറക്ടർ തസ്തിക ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സൃഷ്ടിക്കുകയുണ്ടായി. പഞ്ചായത്ത് ഗ്രാമവികസന വകുപ്പകളിൽ അഡീഷണൽ ഡയറക്ടർ തസ്തിക നിലവിലുള്ളതിനാൽ നഗരകാര്യ വകുപ്പിലാണ് പ്രസ്തുത തസ്തിക നിർദ്ദേശിച്ചിട്ടുള്ളത്. പൊതു സർവ്വീസ് വിഭാവനം ചെയ്തതു പ്രകാരം ജില്ലാതലത്തിൽ വകുപ്പിന്റെ മേധാവിയായി ജോയിന്റ് ഡയറക്ടർ തസ്തിക ആവശ്യമാണ്. ഇതിനായി നിലവിൽ ഏഴ് തസ്തികകൾ മാത്രമേ നിലവിലെ വകുപ്പകളിൽ നിന്ന് ലഭ്യമാകുന്നുള്ളൂ. ആയതിനാൽ 7 തസ്തികകൾ കൂടി സൃഷ്ടിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പകൾ ഏകീകരിക്കുമ്പോൾ വിവിധ വകുപ്പകളിലെ സമാന ഉത്തരവാദിത്വം നിർവഹിക്കുന്ന തസ്തികകൾ വ്യത്യസ്ത സ്കെയിലിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ചില ശമ്പള സ്കെയിലുകൾ റെഗുലർ സ്കെയിലുകളുമായി പൊരുത്തപ്പെടാത്തതിനാൽ നിലവിലുണ്ടായിരുന്ന വകുപ്പകളിലെ ഇന്റർട്രാൻസ്ഫറബിലിറ്റി ഉറപ്പവരുത്തുന്നതിനായി ടി സ്കെയിലുകൾ ഏകീകരിക്കേണ്ടതായി വരികയും ഇത്തരം സ്കെയിലുകൾ തൊട്ടുമുകളിലുള്ള ഉയർന്ന ശമ്പള സ്കെയിലിലേക്ക് അപ്ഗ്രേഡ് ചെയ്തിട്ടുമുണ്ട്. |
| (ജി) | ഇതിനാവശ്യമായ മാറ്റം വരുത്തുമോ; വ്യക്തമാക്കാമോ? | (ജി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**ഭരണഭാഷ-മാതൃഭാഷ**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം - തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും അപ്ഗ്രേഡ് ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(കൈ) നം.134/2022/LSGD** **തിരുവനന്തപുരം, തീയതി: 25/06/2022**

പരാമർശം: 1) സ.ഉ.(കൈ) നം.198/2016/തസ്വഭവ, തീയതി: 27.12.2016
2) സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ തീയതി: 17.07.2020

**ഉത്തരവ്**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ തട്ടുകളിലായി നടക്കുന്ന പ്രാദേശിക ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മികച്ച പദ്ധതി നിർവഹണത്തിനും തദ്ദേശ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു ഏകീകൃത ഉദ്യോഗസ്ഥ സംവിധാനം അനിവാര്യമാണ്.

2) 24.06.2016- ലെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പൊതുസർവ്വീസ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഏകീകൃത വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് പരാമർശം 1 പ്രകാരം ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായ മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3) ഏകീകൃത വകുപ്പിന്റെ സുഗമമായ നടത്തിപ്പിനായി അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ഏകീകൃത സർവീസ് വരുന്നതോടു കൂടി എല്ലാ വകുപ്പുകളിൽ നിന്നുമായി അഡീഷണൽ ഡയറക്ടർ തലത്തിൽ 3 തസ്തികകൾ മാത്രമെ പൊതുസർവ്വീസിനായി ലഭിക്കുകയുള്ളൂ. സംസ്ഥാനതല ഡയറക്ടറേറ്റിൽ ഒരു അഡീഷണൽ ഡയറക്ടർ തസ്തിക കൂടി അനിവാര്യമായതിനാൽ പ്രസ്തുത തസ്തിക നിലവിലില്ലാത്ത നഗരകാര്യ വിഭാഗത്തിൽ ഒരു അഡീഷണൽ ഡയറക്ടർ തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല മേധാവി ജോയിന്റ് ഡയറക്ടർ ആയിരിക്കണമെന്ന് പരാമർശം 2 പ്രകാരമുള്ള ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഏകീകൃത സർവീസ് വരുന്നതോടു കൂടി എല്ലാ വകുപ്പുകളിൽ നിന്നുമായി ജോയിന്റ് ഡയറക്ടർ തലത്തിൽ ഡയറക്ടറേറ്റിലേക്കും ജില്ലാ ഓഫീസിലേക്കുമായി ആകെ 10 തസ്തികകളാണ് പൊതുസർവീസിനായി ലഭിക്കുന്നത്. ഇതിൽ കുറഞ്ഞത് 3 തസ്തികകൾ ഡയറക്ടറേറ്റിൽ നൽകേണ്ടതുണ്ട്. പൊതു സർവീസ് വിഭാവനം ചെയ്തതു പ്രകാരം ജില്ലാതലത്തിൽ വകുപ്പിന്റെ മേധാവിയായി ജോയിന്റ് ഡയറക്ടർ തസ്തിക ആവശ്യമാണ്. ഇതിനായി നിലവിൽ ഏഴ് തസ്തികകൾ മാത്രമേ വകുപ്പുകളിൽ നിന്ന് ലഭ്യമാകുന്നുള്ളൂ. ആയതിനാൽ 7 തസ്തികകൾ കൂടി അധികമായി സൃഷ്ടിക്കേണ്ടതുണ്ട്.

4) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകൾ ഏകീകരിക്കുമ്പോൾ സമാന ഉത്തരവാദിത്വം നിർവഹിക്കുന്ന തസ്തികകൾ വ്യത്യസ്ത സ്കെയിലിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ചില ശമ്പള സ്കെയിലുകൾ റെഗുലർ സ്കെയിലുകളുമായി പൊരുത്തപ്പെടാത്തതിനാൽ നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ ഇന്റർട്രാൻസ്ഫറബിലിറ്റി ഉറപ്പ വരുത്തുന്നതിനായി ടി സ്കെയിലുകൾ തൊട്ടു മുകളിലുള്ള ഉയർന്ന ശമ്പളസ്കെയിലിലേക്ക് അപ്ഗ്രേഡ് ചെയ്ത് ഏകീകരിക്കേണ്ടതായുണ്ട്.

5) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. അഞ്ചു വകുപ്പുകളുടെ ഏകീകരണത്തിലൂടെ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പും സർവ്വീസും രൂപീകരിക്കുക എന്നത് വളരെ അപൂർവ്വമായ ഭരണ പരിഷ്കാര നടപടിയാണ്. വകുപ്പുകൾക്കിടയിൽ നിലനിന്നിരുന്ന അസമാനതകൾ പരിഹരിച്ചും ജീവനക്കാരുടെ ഫലപ്രദമായ വിന്യാസം നടപ്പിലാക്കിയും മാത്രമേ സുഗമമായ ഏകീകരണം കൊണ്ടു വരാൻ കഴിയുകയുള്ളു എന്നതിനാൽ ചുവടെ ചേർക്കും പ്രകാരം ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ തസ്തിക സൃഷ്ടിക്കുന്നതിനും നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ തസ്തികകളുടെ അപ്ഗ്രഡേഷനും അനുമതി നല്കിക്കൊണ്ട് ഉത്തരവാകുന്നു.

**തസ്തിക സൃഷ്ടിക്കുന്നത്**

| ക്രമ നം. | സൃഷ്ടിക്കുന്ന തസ്തിക | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | അഡീഷണൽ ഡയറക്ടർ | 112800- 163400 | 1 |
| 2 | ജോയിന്റ് ഡയറക്ടർ | 107800- 160000 | 7 |

**അപ്ഗ്രഡേഷൻ**

| ക്രമ നം. | നിലവിലെ തസ്തിക | നിലവിലെ സ്കെയിൽ | അപ്ഗ്രേഡ് ചെയ്യുന്ന തസ്തിക | അപ്ഗ്രേഡ് ചെയ്യുന്ന സ്കെയിൽ | അപ്ഗ്രേഡ് ചെയ്യുന്ന തസ്തികകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കോർപ്പറേഷൻ സെക്രട്ടറി | 95600-153200 | ജോയിന്റ് ഡയറക്ടർ | 107800-160000 | 6 |
| 2 | കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി | 95600-153200 | ജോയിന്റ് ഡയറക്ടർ | 107800-160000 | 6 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് | 63700-123700 | ഡെപ്യൂട്ടി ഡയറക്ടർ | 95600-153200 | 17 |
| 4 | മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് I | 77200-140500 | ഡെപ്യൂട്ടി ഡയറക്ടർ | 95600-153200 | 12 |

| | | | | | |
|---|---|---|---|---|---|
| 5 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് | 59300-120900 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 14 |
| 6 | ഇന്റേണൽ വിജിലൻസ് ഓഫീസർ | 56500- 118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 66 |
| 7 | a) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (Panchayat/CRD/CTP/LIDE, LSGD) | 59300-120900 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 5 |
| | b) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (Urban Affairs) | 56500- 118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 1 |
| 8 | പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട്സ് ഓഫീസർ, പഞ്ചായത്ത് വകുപ്പ് | 56500- 118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 1 |
| 9 | മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III | 55200-115300 | സീനിയർ സെക്രട്ടറി | 56500- 118100 | 49 |
| 10 | ക്യാമ്പയിൻ ഓഫീസർ (റൂറൽ ഇൻഫർമേഷൻ ബ്യൂറോ) | 50200-105300 | സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ | 51400- 110300 | 2 |
| 11 | ഹെൽത്ത് സൂപ്പർവൈസർ | 50200-105300 | ക്ലീൻ സിറ്റി മാനേജർ (മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ) | 51400- 110300 | 44 |
| 12 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്I, പഞ്ചായത്ത് വകുപ്പ് | 35600-75400 | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 37400- 79000 | 10 |

6)കൂടാതെ എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികകളും ഏകീകൃത വകുപ്പിനകത്തെ ജീവനക്കാരുടെ തസ്തികയായി നിശ്ചയിക്കുന്നതാണെന്ന് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. ആയതിൻപ്രകാരം പ്രസ്തുത തസ്തികകൾ ഏകീകൃത വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയ്ക്ക് തുല്യമാക്കിയും ഉത്തരവാകുന്നു.

7) ഏകീകൃത വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ ഈ ഉത്തരവിന് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ.എ.എസ്.**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ലോക്കൽ ഇൻഫ്രാസ്ട്രക്ച ർഡവലപ്പ്മെന്റ്&എഞ്ചിനീയറിംഗ് വിംഗ്, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
പൊതുഭരണ (എസ്.സി) വകുപ്പ്(ഇനം നം. തീയതി പ്രകാരം)
ധനകാര്യ വകുപ്പ്.
നിയമ വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.

തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (റൂറൽ) യുടെ പി.എ.-യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എ.-യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്